# കരിമ്പടക്കെട്ട് പിടിവിടുന്നില്ല

സി. ജെ. തോമസ്



കരിമ്പടക്കെട്ട് പിടിവിടുന്നില്ല
സി. ജെ. തോമസ്
(മലയാളം: ലേഖനം)

© 2021, C. J. Thomas

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: The Oregon Trail, a painting by Albert Bierstadt (1830–1902). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# കരിമ്പടക്കെട്ട് പിടിവിടുന്നില്ല

പഴയ തിരു-കൊച്ചിയിലെ സകല കുഴപ്പങ്ങൾക്കും കാരണമായിരുന്ന മുപ്പിരി വർഗ്ഗീയം പിന്നെയും രംഗപ്രവേശം ചെയ്തിരിക്കുന്നു. കമ്മ്യൂണിസ്റ്റ് ഭരണം ക്രിസ്ത്യാനിക്കു ദോഷകരമാണെന്നാണ് ആദ്യം കേട്ട വായ്ത്താരി. അന്ന് മറ്റു രണ്ട് വർഗ്ഗക്കാരും പറഞ്ഞു, "നോക്കണേ ആ മാപ്പിളയുടെ വർഗ്ഗീയത. എത്ര നല്ലൊരു വിദ്യാഭ്യാസബില്ലാണ്. എന്നിട്ടും, അച്ചന്മാരും കന്യാസ്ത്രീകളും കൂടി ക്രിസ്റ്റഫർമാരെ പ്രസവിക്കുന്നതു കണ്ടില്ലേ?" അധികം താമസിച്ചില്ല രണ്ടാമത്തെ പിരിമുറുകാൻ. "ഈഴവന് ദേവസ്വം ബോർഡ് പ്രസിഡന്റായാൽ ഭൂമി താഴ്ന്നുപോകുമോ? സവർണ്ണ ഹിന്ദുകമ്മ്യൂണിസം ഇങ്ങിനെയേയിരിക്കൂ." കളി അവിടെയും നിന്നില്ല. സംവരണമെന്ന പുലിവാലു വന്നതോടെ നായരുടെയും ഹാലിളകി. "ഈ മന്ത്രിസഭയെ വലിച്ചു താഴത്തിട്ടുമാത്രമേ കുടുമ്മി കെട്ടൂ" എന്നൊരു ശപഥം. ഇനി എന്താ വേണ്ടതു്? മൂന്നു വർഗ്ഗീയവിഷങ്ങളും മൂർച്ഛിച്ചുനിൽക്കുകയാണ്. "ഈ കാളകൂടത്തിൽ കമ്മ്യൂണിസ്റ്റ് ഭരണം ദഹിച്ചുപോകും," വിരുദ്ധന്മാർ ആനന്ദിച്ചാർത്തു വിളിച്ചു.

കമ്മ്യൂണിസ്റ്റ് ക്യാമ്പിലാകട്ടെ, അടക്കിയ പുഞ്ചിരി. "തല്ലട്ടെ തമ്മിൽത്തല്ലി തലകീറി നശിക്കട്ടെ, ഈ നശിച്ച ജാതികളെല്ലാം. അവർ ഈ മാമാങ്കം നടത്തുന്നതിനിടയിൽ നമുക്കു ഭരിക്കാം." ഇതാണവർക്കു വേണ്ടതു്. ഇതിനാണവർ മോഹിച്ചതു്. എത്രകാലം ഈ കുത്സിതമനഃസ്ഥിതി നിലനിറുത്താൻ കഴിയുമോ അത്രകാലം ജനാധിപത്യബോധത്തെ തടഞ്ഞുനിറുത്താനും കഴിയും. വർഗ്ഗീയക്കളി കളിക്കുന്നതിൽ ഇവരെക്കാളെല്ലാം വൈദഗ്ദ്ധ്യം കമ്മ്യൂണിസ്റ്റുകാർക്കാണെന്ന് അവർക്കറിയാം. അതു് ഈ നാട്ടിൽ ഇല്ലാതെ വന്നാലേ അവർക്കു സങ്കടമുള്ളൂ. എല്ലാത്തരം വിഭാഗീയചിന്തകളും അവർക്കു സ്വാഗതമാണ്. വെള്ളം ആരു കലക്കുന്നു, എങ്ങിനെ കലക്കുന്നു എന്നതല്ല പ്രശ്നം. കലങ്ങിയ വെള്ളത്തിലേ മീൻപിടിക്കാൻ കഴിയൂ എന്നതാണ് ശ്രദ്ധിക്കേണ്ടതു്. വിദ്യാഭ്യാസബില്ല് കത്തോലിക്കനെ നശിപ്പിക്കുന്ന ദിവ്യമന്ത്രമാണെന്ന് അകത്തോലിക്കനോടും, മതതാൽപ്പര്യങ്ങൾ പരിരക്ഷിച്ചുകൊള്ളാമെന്ന് കത്തോലിക്കനോടും, സംവരണംകൊണ്ട് നായർക്കു കുഴപ്പമുണ്ടാക്കാതെ കണ്ടുകൊള്ളാമെന്ന് നായരോടും, സംവരണമില്ലെങ്കിലും ഈഴവനു പ്രത്യേക പരിഗണന കൊടുത്തുകൊള്ളാമെന്ന് ഈഴവനോടും ഒരേസമയം വേദമോതി വിശ്വസിപ്പിക്കാനുള്ള സാമർത്ഥ്യം കമ്മ്യൂണിസ്റ്റിനാണുള്ളതു്. അക്കാര്യത്തിൽ അവനോട്ട് ആരും മത്സരിച്ചു മയക്കാമെന്നു വ്യാമോഹിക്കേണ്ട. ഏതു വർഗ്ഗത്തിനെയും പ്രീണിപ്പിക്കാൻ കമ്മ്യൂണിസത്തിൽ മരുന്നുണ്ട്. മനുഷ്യരോടുമാത്രമേ അതു തോൽക്കാറുള്ളൂ. മനുഷ്യത്വത്തെപ്രതി മാത്രമേ അതിനു തോൽപ്പിക്കേണ്ടതുള്ളൂ. നാട്ടിന്റെ പൊതുതാൽപര്യത്തെ ഒരിക്കലും കാണാൻ കഴിയാത്തവരും ഭക്തിയുടെ പേരുപറഞ്ഞു തൻകാര്യം കാണുന്നവരുമാണു വർഗ്ഗീയവാദികൾ. അവരുടെ പിൻബലം വിലയ്ക്കുവാങ്ങാവുന്നതാണ്. ഇതൊക്കെ അറിയാവുന്ന കമ്മ്യൂണിസ്റ്റുകാരെ ഈ പേപ്പിടികൊണ്ടൊന്നും ഭീഷണിപ്പെടുത്താനാവില്ല. തെരഞ്ഞെടുപ്പുവരുന്നതുവരെ ഓരോ കാര്യങ്ങൾ നേടിയെടുക്കാം. പുരോഗമനപരമായ മോട്ടോർ സർവ്വീസ്, വിപ്ലവകരമായ പണമിടപാടുകൾ എന്നിങ്ങനെ പലതും. തെരഞ്ഞെടുപ്പുവരുമ്പോൾ രാഗം ഒന്നു മാറ്റുകയും ചെയ്യാം. അങ്ങോട്ടു മാറിയാലും ഇങ്ങോട്ടു മാറിയാലും മുതലെടുപ്പു കമ്മ്യൂണിസ്റ്റ് പാർട്ടിക്കുതന്നെ. ചായക്കടയിൽ പാത്രം മോറുന്ന കൃഷ്ണൻകുട്ടിനായരും കുഞ്ഞനാരുടെ തുണിഅലക്കുന്ന തൊമ്മിയും തമ്മിൽ ഉണ്ടാക്കിത്തീർക്കുന്ന കത്തിക്കുത്തിനു വർഗ്ഗസമരമെന്നു വ്യാഖ്യാനവും.

ഈ വർഗ്ഗീയതയാണ് ഭാരതത്തിലെ ജനാധിപത്യത്തിന് ഏറ്റവും മാരകമായ ശത്രു. അതു് കൊടുമ്പിരിക്കൊണ്ടിരിക്കുന്ന അവസരം ഉപയോഗിക്കേണ്ടതു് അതുകൊണ്ടു മന്ത്രിസഭകളെ മറിച്ചിടാനല്ല. മേൽപറഞ്ഞ എല്ലാ വിഭാഗക്കാരിലുംപെട്ട മനുഷ്യരെ, നാം അഭിമുഖീകരിക്കുന്ന ദേശീയവിപത്തിനെപ്പറ്റി ബോധധവാന്മാരാക്കിത്തീർക്കുവാനാണ്. എല്ലാ മനുഷ്യരും ഈ ഭ്രാന്തിനടിമപ്പെട്ടവരല്ല. ഏതാനും ജനദ്രോഹികൾ സംഘംചേർന്ന് കലിതുള്ളി മറ്റുള്ളവരെക്കൊണ്ടു കൂടി തുള്ളിക്കുകയാണ്. അതിൽ പങ്കെടുക്കുന്നതിന്റെ ആപത്തു ജനങ്ങളെ ചൂണ്ടിക്കാണിച്ച്, വർഗ്ഗീയതയുടെ വേരു് പിഴുതുകളയാനുള്ള അമൂല്യ സന്ദർഭമാണ് ഇന്നു കേരളത്തിന് കൈവന്നിരിക്കുന്നതു്.

നാട്ടിലെ പൗരന്മാരെന്ന നിലയ്ക്കാണ്, ഏതെങ്കിലും ഒരു മതത്തിന്റേയോ വിഭാഗത്തിന്റേയോ അംഗമെന്ന നിലയ്ക്കല്ല, വ്യക്തികൾക്ക് അധികാരാവകാശങ്ങൾ ഉള്ളതെന്നു മനുഷ്യർ മനസ്സിലാക്കണം. ജനതയുടെ പൊതുവായ ഉൽകർഷത്തിലാണ് ഓരോ വ്യക്തിയുടേയും സുരക്ഷിതത്വം നിലനിൽക്കുന്നതു്. അതു സാധിത പ്രായമാകണമെങ്കിൽ നാട്ടിന്റെ പ്രശ്നങ്ങളെപ്പറ്റി പൊതുവായ ഒരു വീക്ഷണമുണ്ടായിത്തീരണം. ഓരോ വിഭാഗത്തിനു വിഭിന്നതാൽപര്യങ്ങളാണുള്ളതെന്നാണ് ഇന്നത്തെ ധാരണ. ഒരതിർത്തിവരെ ഇതിൽ വാസ്തവമുണ്ടെന്ന് തോന്നുകയും ചെയ്യും. പക്ഷേ, വിഭിന്നമെന്ന് ഗണിക്കപ്പെടുന്ന ഈ താൽപര്യങ്ങൾക്കുവേണ്ടി കലഹം നടത്തിയാൽ ലോകാവസാനംവരെ മൃഗസമാനരായി കഴിയാനേ പറ്റൂ. ഈ നിലയിൽനിന്ന് രക്ഷാമാർഗ്ഗങ്ങൾ രണ്ടുണ്ട്. ഒന്ന് ഏകാധിപത്യത്തിന്റേതാണ്. കൊടുക്കുന്നതുമാത്രം വാങ്ങാൻ അവകാശമുള്ള അത്തരമൊരേർപ്പാടിൽ ഈ കലഹങ്ങൾ ഒരു രാത്രികൊണ്ടവസാനിക്കും. കമ്മ്യൂണിസത്തിലോ, ഫാഷിസത്തിലോ ഗവൺമെന്റിനെതിരായി പ്രമേയം പാസ്സാക്കുന്ന നായർസംഘങ്ങളോ, നസ്രാണി സംഘമോ ഈഴവസംഘമോ വിഭാവനംചെയ്യാൻ കഴിയുമോ? അടിമത്തമല്ലാതെ യാതൊന്നും സ്വന്തമായിട്ടില്ലാത്ത ആ അവസ്ഥയിൽ ഈ ജാതിനേതാക്കന്മാരുടെ സ്ഥാനമെവിടെയായിരിക്കും? അവർക്ക് സെൽസെക്രട്ടറിമാരാകാൻ പാടില്ലായ്കയില്ല പക്ഷേ, അവരുടെ ഇന്നത്തെ വർഗ്ഗസ്നേഹവും അവരുടെ കുഞ്ഞാടുകളുടെ ഇന്നത്തെ ഭ്രാന്തും എവിടെയായിരിക്കും? അതു് ഒരു നസ്രാണിക്ക് പകരം ഒരു നായരെ ഇരുപത്തഞ്ചുരൂപാ കിട്ടുന്ന ഉദ്യോഗത്തിനു നിയമിക്കുമോ എന്നാലോചിക്കേണ്ടതില്ല; കാരണം അന്നു നായരുമില്ല, നമ്പൂരിയുമില്ല, ഉണ്ടെന്നു പറയുന്നവന് ശരീരവും കാണില്ല (ഈ വിദ്യ വളരെ നല്ലതാണെന്നു വിശ്വസിക്കുന്നവർ ഉണ്ടെന്നെനിക്കറിയാം. തലവേദനയ്ക്കു പറ്റിയ പ്രതിവിധി തലവെട്ടിക്കളയുകയാണെന്നും അവർ വിശ്വസിക്കും). അതുകൊണ്ട് ഈ ആദ്യത്തെ പോംവഴി നമുക്ക് സ്വീകാര്യമല്ല. രണ്ടാമത്തു്, ഒരു മാർഗ്ഗമുള്ളതു ജനാധിപത്യ സമ്പ്രദായമാണ്. മനുഷ്യ സമുദായത്തിൽ ചരിത്രപരമായ കാരണങ്ങളാൽ, സാമ്പത്തികത്തോളം തന്നെ പ്രധാന്യമായ സാമൂഹ്യ-സാംസ്കാരിക താൽപ്പര്യങ്ങളിൽ വൈവിധ്യമുള്ള പല വിഭാഗങ്ങളും വളർന്നുവരാറുണ്ടെന്ന് ജനാധിപത്യവാദികൾ വിശ്വസിക്കുന്നു. ഈ വിഭാഗങ്ങൾ തമ്മിൽ അഭിപ്രായഭിന്നതകൾ ഉണ്ടാവുക സ്വാഭാവികം മാത്രമാണ്. പക്ഷേ, അവരെയെല്ലാം ഒരേനിലയിലുള്ള അടിമകളായി ചവിട്ടിത്താഴ്ത്തിയതുകൊണ്ടു കാര്യം ശരിയാക്കാമെന്ന് ജനാധിപത്യവാദികൾ ആശിക്കുന്നില്ല. പൊതുതാൽപ്പര്യവും നീതിയും മുൻനിർത്തി പരസ്പരം പരസ്യമായി ചർച്ചചെയ്തു തീരുമാനിക്കേണ്ട പ്രശ്നങ്ങളാണിവ. ദുസ്വാതന്ത്ര്യത്തിന് മരുന്ന് അടിമത്തമല്ല, നിയന്ത്രണമാണ്. ഇക്കഥ ഒന്നോ രണ്ടോ നേതാക്കന്മാർ അറിഞ്ഞാൽ പോരാ, ജനങ്ങളെല്ലാം അറിയണം. വോട്ടവകാശം മുതൽ തീവെപ്പവകാശംവരെയെല്ലാം അവകാശപ്പെടുന്നവർ അവർക്ക് സമുദായത്തോട്ട് ചില കടമകളും ഉണ്ടെന്ന് മനസ്സിലാക്കണം. ധീരമായി കടമകൾ നിർവഹിക്കാത്ത പൗരന് അവകാശങ്ങളും സിദ്ധിക്കാറില്ല എന്ന വാസ്തവം മറന്നുകൂടാ. ഇന്നു നടക്കുന്നതുപോലെയുള്ള "മ്യൂസിക്കൽ ചെയർ" കളി ജനതയെ അസ്വസ്ഥരും നിരാശരുമാക്കും. സ്വസ്ഥതയ്ക്കുവേണ്ടി അവർ സ്വാതന്ത്ര്യം തീറെഴുതിക്കൊടുക്കും. ഏകാധിപത്യം കൊടികുത്തിവാഴുകയും ചെയ്യും. ആ പ്രവണതയിൽ നിന്നാണ് നാട്ടു് മോചനം സമ്പാദിക്കേണ്ടതു്.

കിട്ടിയ അവസരം പാഴാക്കുന്നതു്, തന്ത്രപരമായി മൗഢ്യമായിരിക്കുകയില്ലേ എന്നു സംശയിക്കുന്ന ജനാധിപത്യപാദികൾ ഉണ്ടാകാം. പക്ഷേ, അവർ ഒന്നേ ഓർമ്മിക്കേണ്ടതുള്ളൂ. ഇവിടെ സ്ഥാപിതമായ ഓരോ മന്ത്രിസഭയും തകർന്നതും വർഗ്ഗീയതയുടെ കുത്തിത്തിരിപ്പുകൾകൊണ്ടാണ്. ഇന്നത്തെ മന്ത്രിസഭ സ്ഥാപിതമായതും മറ്റൊന്നുകൊണ്ടുമല്ല. അതിന്റെ അടിസ്ഥാനം അത്രയ്ക്കു് ഉറച്ചതല്ല എന്നും അതിൽനിന്നും മനസ്സിലാക്കാം. കമ്മ്യൂണിസ്റ്റ് ഭരണത്തെ മാറ്റാൻ സത്യസന്ധമായ ജനാധിപത്യരീതിയേ ഉതകൂ. അല്ലെങ്കിൽ പകരം വരുന്ന ഏതു ഭരണവും പഴയ രോഗത്തിന് അടിപ്പെടും, തകരും. കമ്മ്യൂണിസ്റ്റ് ഭരണത്തിന്റെ കൊള്ളരുതായ്മ, അതു് ഓരോ വർഗ്ഗത്തെ തൃപ്തിപ്പെടുത്തിയില്ലെന്നല്ല, ജനങ്ങൾക്കു പൊതുവായകാര്യം നടത്തുന്നതിന് പകരം പാർട്ടിക്ക് പേരുണ്ടാക്കുക എന്നതിൽ മാത്രം ശ്രദ്ധിച്ചുവെന്നാണ്. ഭക്ഷണപ്രശ്നം പരിഹരിക്കാത്തതും, തൊഴിലുണ്ടാക്കാത്തതും, അഴിമതി നടത്തുന്നതും, നിയമസമാധാനം തകരാറിലാക്കുന്നതുമെല്ലാം പ്രത്യേകിച്ച് ഒരു ജാതിയ്ക്കു ചെയ്ത ദ്രോഹമല്ല. അതിനാണവർ കണക്കുപറയേണ്ടതു്. അതും പ്രത്യേക വർഗ്ഗീയ നേതാക്കന്മാരോടല്ല, പൊതുജനങ്ങളോടാണ്. വർഗ്ഗീയത്തിന്റെ അടിസ്ഥാനത്തിൽ മന്ത്രിസഭ പോവുകയും വരികയും ചെയ്യുന്ന സമ്പ്രദായം അവസാനിപ്പിച്ചാൽ മാത്രമേ കേരളത്തിനു പുരോഗതിയുള്ളൂ.

പ്രഭാതം വിശേഷാൽപ്രതി 1959.

□

# സി. ജെ. തോമസ്



മലയാള നാടകകൃത്തും സാഹിത്യ നിരൂപകനുമായിരുന്ന സി. ജെ. തോമസ് (നവംബർ 14, 1918–ജൂലൈ 14, 1960) എന്നറിയപ്പെടുന്ന ചൊള്ളമ്പേൽ യോഹന്നാൻ തോമസ്. മലയാള നാടകസാഹിത്യത്തെ ആധുനിക ഘട്ടത്തിലെത്തിക്കുന്നതിൽ നിർണ്ണായക പങ്ക് വഹിച്ച ഇദ്ദേഹം പത്രപ്രവർത്തകൻ, ചിത്രകാരൻ എന്നീ നിലകളിലും അറിയപ്പെട്ടിരുന്നു.

1918-ൽ കൂത്താട്ടുകുളത്തെ പ്രമുഖ ക്രിസ്തീയ വൈദികന്റെ മകനായി ജനിച്ച സി. ജെ. വൈദിക വിദ്യാർത്ഥിയായിരിക്കുന്ന സമയത്ത് ളോഹ ഉപേക്ഷിച്ച് തിരിച്ചുപോന്ന് വിപ്ലവം സൃഷ്ടിച്ചു. രണ്ട് വർഷക്കാലം വടകര സെന്റ് ജോൺസ് ഹൈസ്കൂളിലും തുടർന്ന് എം. പി. പോൾസ് കോളേജിലും അധ്യാപകനായി ജോലിനോക്കിയിരുന്ന അദ്ദേഹം പിന്നീട് അവസാനം വരെ പത്രപ്രവർത്തനരംഗത്ത് സജീവമായിരുന്നു. സാഹിത്യ പ്രവർത്തക സഹകരണസംഘം, ആകാശവാണി, ദക്ഷിണഭാഷാ ബുക്ക് ട്രസ്റ്റ് എന്നിവയിലും പ്രവർത്തിച്ചു.

സാഹിത്യ പ്രവർത്തക സഹകരണസംഘം വക പുസ്തകങ്ങളുടെ പുറംചട്ടകൾക്ക് അത്യധികം ആകർഷകങ്ങളായ ചിത്രങ്ങൾ വരച്ച് മലയാള പുസ്തകങ്ങളുടെ പുറംചട്ട രൂപകല്പനയുടെ രംഗത്ത് മാറ്റങ്ങളുടെ തുടക്കം കുറിച്ചത് സി. ജെ.-യാണ്.

പ്രസിദ്ധ സാഹിത്യകാരനായിരുന്ന എം. പി. പോളിന്റെ മൂത്ത പുത്രി റോസിയെയാണ് വിവാഹം ചെയ്തത്. റോസി തോമസ് സി. ജെ.-യുടെ മരണശേഷം അറിയപ്പെടുന്ന സാഹിത്യകാരിയായി.

പ്രശസ്ത കവയിത്രി മേരി ജോൺ കൂത്താട്ടുകുളം സി. ജെ. തോമസിന്റെ മൂത്ത സഹോദരിയായിരുന്നു. 1960 ജൂലൈ 14-ന് 42-ാം വയസ്സിൽ സി. ജെ. അന്തരിച്ചു.

RIVER VALLEY
DIGITAL LIBARY
*empowering the author ...*

- “റിവർ വാലി പ്രസ്” എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപതു് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

| രാജ്യം | കറൻസി | വരിസംഖ്യ |
|---|---|---|
| ഇന്ത്യ (119 വീതം ആറു മാസത്തിലൊരിക്കൽ) | രൂപ | 238 |
| യുഎസ്, കാനഡ | യുഎസ് ഡോളർ | 10 |
| യൂറോപ് | യൂറോ | 10 |
| മറ്റു വികസിത രാഷ്ട്രങ്ങൾ | യുഎസ് ഡോളർ | 10 |
| ഖത്തർ | റിയാൽ | 20 |
| യുഎഇ | ദിർഹം | 20 |
| സൗദി അറേബ്യ | റിയാൽ | 20 |
| കുവൈറ്റ് | ദിനാർ | 2 |
| ഒമാൻ | ദിനാർ | 2 |
| ബഹ്റിൻ | ദിനാർ | 2 |
| മലേഷ്യ | റിങ്ഗിറ്റ് | 25 |

- പ്രസാധകരുടെ നിരന്തരചൂഷണത്തിനു വിധേയരായിക്കൊണ്ടിരിക്കുന്ന എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്കു് ഉപയോഗിക്കുക എന്നിവയാണു് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണു് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/ കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ച് അറിയുക
  3. Who's who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കു് അയയ്ക്കുക.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014